(ബി) 2004-2005-ലെ നയവുമായി ഇതിനുള്ള വ്യത്യാസങ്ങൾ എന്തെല്ലാമാണ്;

(സി) പുതിയ മദ്യനയം പ്രഖ്യാപിക്കുന്നതിന് മുൻപ് ഏതെല്ലാം തലങ്ങളിൽ ചർച്ച നടത്തിയിട്ടുണ്ട്;

(ഡി) ഐക്യ ജനാധിപത്യ മുന്നണിയുടെ പ്രകടന പത്രികയിൽ പറഞ്ഞിരുന്ന നയങ്ങൾക്ക് അനുസൃതമായാണോ പുതിയ മദ്യനയം ആവിഷ്കരിച്ചിട്ടുള്ളത്; ഇല്ലെങ്കിൽ കാരണമെന്താണ് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) 2004-2005-ലെ നയവുമായി 2005-2006-ലെ നയത്തിനുള്ള പ്രധാന വ്യത്യാസങ്ങൾ താഴെ ചേർക്കുന്നു. കള്ളുഷാപ്പുകളുടെ ലൈസൻസ് ഫീസ്, ഒരു ലക്ഷത്തിന് മുകളിലോ 20 തൊഴിലാളികളോ ഉള്ള ഷാപ്പുകൾക്ക് 15%-വും മറ്റുള്ളവയ്ക്ക് 25%-വും വർദ്ധിപ്പിച്ചു കെ.റ്റി.ഡി.സി. നടത്തുന്ന തിരുവനന്തപുരം മസ്ക്കറ്റ് ഹോട്ടലിൽ പരീക്ഷണാടിസ്ഥാനത്തിൽ മൈക്രോ ബ്രുവറി സ്ഥാപിക്കുന്നതിന് അനുവാദം നൽകി. എഫ്. എൽ. 3 ലൈസൻസുകൾ അനുവദിക്കുന്ന സ്ഥലങ്ങളിൽ ബിയർ പാർലറുകൾ അനുവദിക്കുവാൻ തീരുമാനിച്ചു. ബാറുകളുടെ ലൈസൻസ് കൈമാറ്റം ചെയ്യുന്നതിനുള്ള വ്യവസ്ഥ പുനഃസ്ഥാപിച്ചു.

(സി) പുതിയ നയം പ്രഖ്യാപിക്കുന്നതിന് മുൻപ് രാഷ്ട്രീയ പാർട്ടികളുമായും അബ്കാരി വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്ന അംഗീകൃത തൊഴിലാളി യൂണിയൻ നേതാക്കളുമായും ചർച്ച നടത്തിയിട്ടുണ്ട്.

(ഡി) പ്രകടന പത്രികയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളും പ്രായോഗികമായ സമീപനവും ഒത്തുചേർത്താണ് പുതിയ നയം ആവിഷ്കരിച്ചിട്ടുള്ളത്.

എക്സൈസ് വകുപ്പിന്റെ ആധുനികവൽക്കരണം

41 [3903] *ശ്രീ. സാജു പോൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന എക്സൈസ് വകുപ്പിന് നിലവിൽ എന്തൊക്കെ ആയുധങ്ങളും എത്ര വാഹനങ്ങളുമാണ് ഉള്ളത്;

(ബി) എക്സൈസ് വകുപ്പിന്റെ ആധുനികവൽക്കരണത്തിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണ്;

(സി) എക്സൈസ് ഉദ്യോഗസ്ഥർക്ക് പുതിയതായി കൊടുക്കുവാൻ ഉദ്ദേശിക്കുന്ന ഉപകരണങ്ങളും ആയുധങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) എക്സൈസ് വകുപ്പിന് നിലവിൽ റിവോൾവറുകൾ മാത്രമേ ആയുധമായുള്ളൂ. വകുപ്പിന് ആകെ 248 വാഹനങ്ങളാണ് ഉള്ളത്.

(ബി) എക്സൈസ് വകുപ്പിന്റെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി, വിവിധ തലങ്ങളിലുള്ള ഉദ്യോഗസ്ഥർക്ക് ഐ.എം.ജി. മുഖേന പരിശീലനം നൽകിയിട്ടുണ്ട്. എക്സൈസ് വകുപ്പിൽ നവീകരണത്തിന്റെ ഭാഗമായി, കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കിവരുന്നു. കമ്പ്യൂട്ടർ കൈകാര്യം ചെയ്യുന്നതിനു വേണ്ടി ബന്ധപ്പെട്ട ജീവനക്കാർക്ക് കമ്പ്യൂട്ടർ പരിശീലനവും നൽകി വരുന്നു. എക്സൈസ് വകുപ്പിലെ മുഴുവൻ ജീവനക്കാർക്കും കായിക പരിശീലനം ഉൾപ്പെടെയുള്ള പരിശീലനം നൽകുക എന്ന ലക്ഷ്യത്തോടെ തനതായ ഒരു പരിശീലന കേന്ദ്രത്തിന്റെ (സ്റ്റേറ്റ് എക്സൈസ് അക്കാഡമി ആന്റ് റിസർച്ച് സെന്റർ) പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൂടാതെ എക്സൈസ് വകുപ്പിന് പ്രത്യേകമായൊരു ഇന്റലിജൻസ് ആന്റ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോ ആരംഭിക്കുകയും, സംസ്ഥാന തലത്തിൽ ഒരു ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിൽ മൂന്ന് മേഖലകളായി തിരിച്ച് (ദക്ഷിണ, മധ്യ, ഉത്തര മേഖലകൾ) അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാരുടെ നിയന്ത്രണത്തിൽ അതിന്റെ പ്രവർത്തനം നടന്നുവരുന്നു.

രാത്രികാലങ്ങളിൽ വാഹനങ്ങൾ പരിശോധിക്കുവാൻ നിയുക്തരാകുന്ന ഉദ്യോഗസ്ഥർക്ക് റിഫ്ളക്ടീവ് ജാക്കറ്റുകളും 5 ജില്ലകളിൽ (തിരുവന്തപുരം, കൊല്ലം, ഇടുക്കി, വയനാട്, കാസർഗോഡ്) 1-1 വയർലസ് സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

വാഹനങ്ങളില്ലാത്ത ഓഫീസുകളിൽ അവ അനുവദിക്കുവാനും, പഴക്കം ചെന്ന വാഹനങ്ങളുപയോഗിക്കുന്ന ആഫീസുകളിൽ അവ മാറ്റി പുതിയവ അനുവദിക്കാനും നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഇൻസ്പെക്ടർ റാങ്കിലുള്ള ഉദ്യോഗസ്ഥർക്ക് പുതിയതായി റിവോൾവർ/പിസ്റ്റൽ നല്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

പുതുതായി ആരംഭിച്ച മദ്യവില്പനശാലകൾ

42 [3904] *ശ്രീ. ജോണി നെല്ലൂർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് പുതുതായി ആരംഭിച്ച ബിവറേജസ് കോർപ്പറേഷന്റെ മദ്യവില്പന ശാലകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) സംസ്ഥാനത്ത് ഇപ്പോൾ ആകെ നിലവിലുള്ള വില്പനശാലകൾ എത്ര;

(ഡി) ഈ കാലയളവിൽ ഓരോ വർഷവും ഉണ്ടായ വില്പന എത്രയെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly